കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എടവക ഗ്രാമപഞ്ചായത്തു വക ജീപ്പ് മാലിന്യ നിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്നതിനും, പകരം ഓഫീസ് ആവശ്യത്തിനായി വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1337/14/തസ്വഭവ തിരുവനന്തപുരം, തീയതി :30.05.2014.

---

പരാമർശം:- 1. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ 11.09.2013 ലെ കത്ത്

2. എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.11.2013 ലെ ബി6- 6929/13 നമ്പർ കത്ത്.

3.പഞ്ചായത്ത് ഡയറക്ടറുടെ 04.03.2014 ലെ ജി1- 525/14 നമ്പർ കത്ത്.

## ഉത്തരവ്

എടവക ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള പഴയ ജീപ്പ് മാലിന്യ സംസ്ക്കരണ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും ഓഫീസ് ആവശ്യത്തിനായി ഒരു പുതിയ വാഹനം വാങ്ങുന്നതിനുമുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം എടവക ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എടവക ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള പഴയ ജീപ്പ് മാലിന്യ സംസ്ക്കരണ ആവശ്യത്തിനായി ഉപയോഗിക്കുന്നതിനും പകരം ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് ആവശ്യത്തിന് 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഒരു വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

(സി. വത്സല)
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (LBA&A), തിരുവനന്തപുരം.
സെക്രട്ടറി, എടവക ഗ്രാമപഞ്ചായത്ത്, വയനാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ കെ എം
(തദ്ദേശ സ്വയംഭരണ വകുപ്പിൻറ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ